# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2684** 12.02.2019 ലെ മറുപടി

### കടലുണ്ടിപ്പുഴയിലെ മണ്ണാൻകടവിൽ പുതിയ തടയണ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള: | മറുപടി<br>കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) മലപ്പുറം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കടലുണ്ടിപ്പുഴയിൽ നാമ്പ്രാണി ചെക്ക്ഡാമിനു പകരം പുതിയ തടയണ നിർമ്മിക്കുന്നതിനുവേണ്ടി പുഴയുടെ ഘടന പഠിക്കുന്നതിനുള്ള സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;<br>(ബി) സർവ്വേ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പുതിയ ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ)യും (ബി)യും<br>കടലുണ്ടിപ്പുഴയുടെ ഘടന പഠിക്കുന്നതിനുള്ള സർവ്വേ പ്രവർത്തികൾക്ക് എഗ്രിമെൻറ് വെച്ച് പ്രവൃത്തി പുരോഗതിയിലാണ്. |
| (സി) നാമ്പ്രാണി ചെക്ക്ഡാം പുനർനിർമ്മിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മലപ്പുറം നഗരസഭ, കോഡൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്ന തരത്തിൽ കടലുണ്ടിപ്പുഴയിലെ മണ്ണാൻകടവിൽ പുതിയ തടയണ നിർമ്മിക്കുമോ; വ്യക്തമാക്കാമോ? | (സി) വാട്ടർ അതോറിറ്റിയും ജലസേചന വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയാൽ മാത്രമേ സാധ്യത വ്യക്തമാകൂ. |

SRD

**സെക്ഷൻ ഓഫീസർ**